## Nettur Ullada Colony.

170. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ ഉള്ളാട കോള നിയിൽ പണിചെയ്യിട്ടുള്ള വീടുകളുടെ മുറികൾക്കു വീതിയെത്ര, നീളമെത്ര?

രാമവർമ്മതമ്പുരാൻ.—മുറികളുടെ ചുറ്റളവ് 12 കോൽ എന്നു വരലാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ ഉള്ളാട കോളനിയിലുള്ള വീടുകളുടെ മുറികൾക്കു നീളമെത്ര? വീതിയെത്ര? എന്നു ചോദിച്ചതിനു ചുറ്റളവാണു പറഞ്ഞിരിക്കുന്നതു്. വീതിയും നീളവും പറഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ.—പത്തടിയിൽ കുറയാതേയും പതിനഞ്ചടിയിൽ കൂടാതേയും ഉണ്ടാകും.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു വാസ്തവമല്ല. ഓരോ വീടുകളുടേയും വീതി നോക്കിയാൽ 8 ൽ അടിയേയുള്ളു. അവിടെ എങ്ങിനെയാണു് അധികൃതർ കിടക്കുന്നതു് എന്നു അന്വേഷിച്ചു പറഞ്ഞാൽകൊള്ളാം.

## Bhajana Madham, Cheppanam.

171. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു മടിയുണ്ടാകുമോ.—

ചേപ്പനത്തു പണിചെയ്യിട്ടുള്ള ഭജനമഠത്തിനെക്കുറിച്ചു് സ്ഥലത്തെ കുടിയോഗസ്ഥരായ അധികൃതരുടെ വല്ല ആക്ഷേപവും ഗവർമ്മെണ്ടിനു കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുചെയ്തു?

രാമവർമ്മതമ്പുരാൻ.—ഉണ്ടു്. ഭജനമഠം പണിചെയ്തതു് സ്ഥലത്തെ അധികൃത കൊ-ഓപ്പറേറീവ് പ്രസിഡെണ്ടു് കുഞ്ഞൻ എന്നു പേരായ ഒരു പുലയനാണു്. ടിയാനോടു ഇടക്കാലത്തുണ്ടായ വൈരം നിമിത്തം സ്ഥലത്തെ ഏതാനും പുലയർ അനാവശ്യമായി അയച്ച ഹർജിയിന്നു അന്വേഷണത്തിൽ കണ്ടിരിക്കുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—അതുമുഖാന്തിരമാണു് ഗവർമ്മെൻറ് അതിനെപ്പറ്റി അന്വേഷണം നടത്തിയതെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടർ വഴിയ്ക്കു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ സംഘത്തിന്റെ പ്രസിഡെണ്ടു് ഇപ്പോഴും മിസ്റ്റർ കുഞ്ഞൻ തന്നെയാണോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ എം. കെ. രാമൻ.—ഒരാക്ഷേപമുണ്ടായിട്ടുള്ളതു് എന്താക്ഷേപമാണെന്നു പറയാമോ?

**Rama Varmha Tampuran.**—I am sorry. I want notice.

LIBRARY ARCHIVES Kerala Legislative Assembly